**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** **13-09-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തലത്തിൽ പ്രത്യേക ആരോഗ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികളുടെ സമഗ്രമായ ശാരീരിക, മാനസിക ആരോഗ്യവികാസത്തിനായി സ്കൂൾ തലത്തിൽ പ്രത്യേക ആരോഗ്യ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകളെയും സംവിധാനങ്ങളെയും ഏകോപിപ്പിച്ചു കൊണ്ടാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെന്തെല്ലാമാണെന്നും ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ വഴി, ആരോഗ്യപരിശോധന, പ്രതിരോധകുത്തിവയ്പുകൾ മുതലായവ ഉൾപ്പെടുത്തിയുള്ള ആരോഗ്യപ്രവർത്തനങ്ങളാണ് നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുവാൻ ലക്ഷ്യമിട്ടുകൊണ്ട് സ്കൂൾ ഹെൽത്ത് ആൻഡ് വെൽനസ് പ്രോഗ്രാം (വിദ്യാലയ ആരോഗ്യ പദ്ധതി)നടപ്പിലാക്കാനുള്ള ആസൂത്രണവും രൂപരേഖയും അന്തിമഘട്ടത്തിലാണ്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ആരോഗ്യവകുപ്പിനൊപ്പം വിദ്യാഭ്യാസം, വനിതാ ശിശുവികസനം ഉൾപ്പെടെയുള്ള പ്രധാനവകുപ്പുകളുടെ സഹകരണവും പങ്കാളിത്തവും ആസൂത്രണം ചെയ്യുന്നുണ്ട്. പുറമേ പട്ടികവർഗ വികസനം, യുവജന കായിക, സാമൂഹ്യ നീതി, തദ്ദേശ സ്വയംഭരണം, മുതലായ പ്രസക്തവകുപ്പുകളും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.<br><br>പദ്ധതിയുടെ പ്രധാന സേവനങ്ങൾ<br><br>1) ആരോഗ്യ അവബോധനം<br><br>2) ആരോഗ്യ സ്ക്രീനിംഗ് പരിശോധനകൾ<br><br>3) പ്രതിവാര ഇരുമ്പ് സത്ത് ഗുളികകൾ, വിര നിർമാർജ്ജന ഗുളികകൾ മുതലായവ<br><br>4) ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്<br><br>5) പ്രഥമ ശുശ്രൂഷാ പരിശീലനവും അടിയന്തിര പരിചരണ നൈപുണ്യവും ( basic life support skills |

| | | | |
|---|---|---|---|
| | | | )<br><br>സ്കൂളുകളിൽ ആരോഗ്യ അസംബ്ലി, വാർഷിക ആരോഗ്യമേള, ഹെൽത്ത് ക്ലബുകൾ , പ്രത്യേക രക്ഷാകർതൃ അധ്യാപക യോഗങ്ങൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ട്.<br><br>എട്ടാം ക്ലാസ് മുതലുള്ള വിദ്യാർത്ഥികൾക്ക് പാലിയേറ്റീവ് കെയർ അടിസ്ഥാന പരിശീലനം, വർഷത്തിൽ ഒരിക്കൽ പാലിയേറ്റീവ് കെയർ ഹോം സന്ദർശനത്തിനുള്ള അവസരം, താൽപ്പര്യമുണ്ടെങ്കിൽ പഞ്ചായത്തുതല വോളണ്ടിയർ പരിശീലനം എന്നിവയും പരിഗണിക്കുന്നു. എല്ലാ പ്രവർത്തനങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പിന്തുണ ഉറപ്പാക്കും. |
| (ബി) | കുട്ടികൾക്ക് ആരോഗ്യവിദ്യാഭ്യാസം നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണ്; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. വിദ്യാർത്ഥികളിൽ പോഷകാഹാരക്കുറവ്, ലഹരി വസ്തുക്കളുടെ ഉപയോഗം, മാനസികാരോഗ്യം, ജീവിതനൈപുണ്യങ്ങൾ, അക്രമം, പരിക്കുകൾ, പ്രത്യുൽപാദന-ലൈംഗിക ആരോഗ്യം, പകർച്ചേതര രോഗങ്ങളുടെ പ്രതിരോധം, സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം, മാതൃകാപരമായ മൂല്യങ്ങളും, പൗര ബോധവും, നല്ല വ്യക്തിബന്ധങ്ങൾ, ലിംഗ സമത്വം എന്നിവയെക്കുറിച്ചുള്ള അറിവും അവബോധവും പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിന് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നു . |
| (സി) | കുട്ടികളുടെ ശാരീരിക, മാനസിക വളർച്ച ഉറപ്പാക്കുന്നതോടൊപ്പം പഠന പരിമിതികൾ, കാഴ്ച പരിമിതികൾ, ശുചിത്വ പ്രോത്സാഹനം തുടങ്ങിയ മേഖലകളിലും പദ്ധതി ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ? | (സി) | ഉണ്ട്.<br><br>നവീകരിച്ച വിദ്യാലയ ആരോഗ്യ പരിപാടിയിലെ ആരോഗ്യ അവബോധ വികസന സെഷനുകളിലൂടെ ശുചിത്വ പെരുമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടും. സാർവത്രികമായ ആരോഗ്യ സ്ക്രീനിങ്ങിലൂടെ കാഴ്ച പരിമിതികൾ മുതലായ ആരോഗ്യ വെല്ലുവിളികളെ നേരത്തെ കണ്ടെത്താനും പരിഹരിക്കുവാനും വിദ്യാലയ ആരോഗ്യ പദ്ധതിയിലൂടെ സാധിക്കും. |

സെക്ഷൻ ഓഫീസർ